"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയുടെ പോളിസി കാലാവധി **17.12.2025**-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പോളിസി പുതുക്കുന്നതിനായി **11,85,47,924/-** രൂപ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ സബ് ട്രഷറിയിലെ അക്കൗണ്ടിലേക്ക് അനുവദിച്ചു നൽകിയ ഫിഷറീസ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**211/2026/F&P** തീയതി,തിരുവനന്തപുരം, **10-03-2026**

---

പരാമർശം:- 1 **1.05.2025** ലെ സ.ഉ (സാധാ) നം. **374/2025**/മതുവ ഉത്തരവ്

2 **07.11.2025** ലെ സ.ഉ. (സാധാ) നം.**837/2025** മ.തു.വ ഉത്തരവ്

3 **04/12/2025** ലെ **G.O(Rt) No. 9754/2025/Fin** നമ്പർ ഉത്തരവ്

4 ഫിഷറീസ് ഡയറക്ടറുടെ **08/12/2025** തീയതികളിലെ **DFTVM/1203/2025-N3** നമ്പർ കത്ത് .

**ഉത്തരവ്**

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന ഒരു തുടർ പദ്ധതിയാണ് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിക്ക് പരാമർശം **(1)** പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. **2,28,354** മത്സ്യത്തൊഴിലാളികൾക്ക് **18.12.2025** മുതൽ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പുതുക്കുന്നതിനായി ഇ-ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വോട്ട് ചെയ്ത **M/s. The New India Assurance Company** യുടെ പ്രീമിയം **Rs. 494.42/- per head** എന്ന നിരക്കിലും **5%** ഇംപ്ലിമെന്റേഷൻ ചാർജ് ഉൾപ്പെടെ ആകെ **11,85,47,924/-** രൂപ അനുവദിച്ച് പരാമർശം **(2)** പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടത്തിപ്പിനായി **2405-00-121-92 (P)** ശീർഷകത്തിൽ **10** കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ശേഷിക്കുന്ന **1,85,47,924/-** രൂപ പരാമർശം **(3)** പ്രകാരം അധിക ധനാനുമതിയായി അനുവദിച്ചു നൽകിയിട്ടുണ്ട്.

**2)** എന്നാൽ **2405-00-121-92 (P)** ശീർഷകത്തിൽ സീലിംഗ് പരിധി നിശ്ചയിച്ചിരിക്കുന്നതിനാൽ നിലവിൽ **3.5** കോടി രൂപ വരെ മാത്രമേ മാറ്റി നൽകാൻ കഴിയുകയുള്ളു. ടി പദ്ധതിയുടെ പോളിസി കാലാവധി **17.12.2025** ന്

അവസാനിക്കുന്നതിനാലും തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്ന അടിയന്തര സാഹചര്യത്തിലും, ഫിഷറീസ് ഡയറക്ടർ 11,85,47,924/- രൂപ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ സബ് ട്രഷറിയിലെ പ്ലാൻ TSB അക്കൗണ്ട് (A/c No. 799012700001406) ലേക്ക് 08.12.2025 ന് അനുവദിച്ച് ഉത്തരവിട്ടതായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ, ഫിഷറീസ് ഡയറക്ടർ സ്വീകരിച്ച ഈ നടപടി സാധൂകരിച്ച് നൽകണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതിയുടെ പോളിസി കാലാവധി 17.12.2025 ന് അവസാനിച്ചതിനാലും, തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്ന അടിയന്തര സാഹചര്യത്തിലും, ടി പോളിസി പുതുക്കുന്നതിനായി 11,85,47,924/-രൂപ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശ്ശൂർ സബ് ട്രഷറിയിലെ പ്ലാൻ TSB അക്കൗണ്ടിലേക്ക് (A/c No. 799012700001406) 08.12.2025-ന് അനുവദിച്ച് നൽകിയ ഫിഷറീസ് ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (വനിതാ ശിശുവികസന) വകുപ്പ്. (3301436/WCD-2/265/2025-FIN തീയതി, 27/02/2026 പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. സി3/187/2025/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 11-03-2026 10:13:09
സെക്ഷൻ ഓഫീസർ